**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5968** **09-07-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രഷറികളിലെ ആഭ്യന്തര ഓഡിറ്റ് കാലികമായി നടത്താറുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ള ആഭ്യന്തര പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ട്രഷറികളിലെ ആഭ്യന്തര ഓഡിറ്റ് എല്ലാ വർഷവും നടത്താറുണ്ട് . 2023 -2024 സാമ്പത്തിക വർഷം വരെയുള്ള ആഭ്യന്തര പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ധനകാര്യ വകുപ്പ് മാർഗ്ഗരേഖ പ്രകാരം ആഭ്യന്തര ഓഡിറ്റിന് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ ട്രഷറി വകുപ്പിൽ ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ട്രഷറി വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഫിനാൻസ് ഓഫീസർ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല . എന്നാൽ കഴക്കൂട്ടം സബ് ട്രഷറിയിലേതുൾപ്പെടെ നിലവിലുള്ള സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനും ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കി സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുമായി ധനകാര്യവകുപ്പിൽ നിന്നും ഒരു ഉന്നത ഉദ്യോഗസ്ഥനെ സീനിയർ ഫിനാൻസ് ഓഫീസറായി നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ ധനകാര്യവകുപ്പിൽ നിന്നും സീനിയർ ഫിനാൻസ് ഓഫിസറെ നിയമിച്ച് ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കി സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ